**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682** **11-09-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ വൻകിട പദ്ധതികളിലൊന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പുരോഗതികൾ നിരന്തരം വിലയിരുത്തി വരുന്നുണ്ട്.<br><br>കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം 2024 ഡിസംബറിൽ തുറമുഖത്തിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കാമെന്നാണ് കരുതുന്നത്. ഒക്ടോബർ 4-ാം തീയതി ക്രെയിനുകൾ വഹിച്ചുകൊണ്ടുള്ള വലിയ കപ്പൽ വിഴിഞ്ഞത്തെത്തും. അതിനനുസൃതമായി പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഗേറ്റ് കോംപ്ലക്സിന്റെയും, ട്രാൻസ്ഫോർമറുകളുടെയും ഉദ്ഘാടനം നിർവഹിച്ചു. വർക്ക് ഷെഡിന്റെ പ്രവർത്തനം ആരംഭിച്ചു. പുലിമുട്ട് 2300 മീറ്റർ പൂത്തിയാക്കി. 400 മീറ്റർ നീളമുള്ള ആദ്യബർത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. തുറമുഖത്തേക്കുള്ള റോഡിന്റെയും മറ്റ് യൂട്ടിലിറ്റി സർവ്വീസുകളുടേയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. മറ്റെല്ലാ ഘടകങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നു. |
| (ബി) | ക്രെയിനുകൾ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങൾ തുറമുഖത്ത് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഒക്ടോബർ ആദ്യവാരത്തിൽ ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്തെത്തി തുടങ്ങുമെന്നാണ് കരാർ കമ്പനി അറിയിച്ചിരിക്കുന്നത്. |
| (സി) | അന്താരാഷ്ട്ര തുറമുഖ പരിപാലനവുമായി ബന്ധപ്പെട്ട ഇന്റർനാഷണൽ ഷിപ്പ് ആന്റ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് വിഴിഞ്ഞം അന്താരാഷ്ട്ര | (സി) | അന്താരാഷ്ട്ര തുറമുഖ പരിപാലനവുമായി ബന്ധപ്പെട്ട് ISPSസർട്ടിഫിക്കേഷൻ ലഭ്യമാക്കുവാനുള്ള നടപടികൾ കൺസഷനയർ സ്വീകരിച്ചുവരുന്നുണ്ട്. ഇത് സംബന്ധിച്ച് വിവിധ ഏജൻസികൾ രണ്ട് വട്ടം |

| | | | |
|---|---|---|---|
| | തുറമുഖത്തിന് ലഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | | ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്പനി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | വിഴിഞ്ഞം തുറമുഖത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ഡി) | അന്താരാഷ്ട്ര തുറമുഖ പരിപാലനവുമായി ബന്ധപ്പെട്ട് ISPSസർട്ടിഫിക്കേഷൻ ലഭ്യമാക്കുവാനുള്ള നടപടികൾ കൺസഷനയർ സ്വീകരിച്ചുവരുന്നുണ്ട്. ഇതു സംബന്ധിച്ച് വിവിധ ഏജൻസികൾ രണ്ട് വട്ടം ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്പനി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) | വിഴിഞ്ഞം തുറമുഖത്ത് നിന്നും കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ താല്പര്യപത്രം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പൊതു-സ്വകാര്യ പങ്കാളിത്ത അടിസ്ഥാനത്തിലുള്ള തുറമുഖത്തിന്റെ നടത്തിപ്പ് ചുമതല കരാർ കമ്പനിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. കരാർ പ്രകാരമുള്ള വാണിജ്യ സാധ്യതകൾ കൺസഷനയർ ആണ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ